Office of the Chief Engineer
3/11/15
LSGD, Thiruvananthapuram

to web - 66

CE
DCE
EE
AEE
JS
3/11/15

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - സംസ്ഥാനത്ത് ഫ്ളക്സ് ബോർഡുകൾക്ക് പകരം റീസൈക്കിൾ ചെയ്യാവുന്നതും പി വി സി മുക്തവുമായ പോളി എത്തിലിൻ നിർമ്മിത വസ്തുക്കൾ ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

**സഉ (സാധാ)നം 3185/2015/തസ്വഭവ** **തിരുവനന്തപുരം, തീയതി 27.10.2015**

---

പരാമർശം :- 6/11/2014 ലെ സ ഉ (കൈ) നം 195/2014/തസ്വഭവ നമ്പർ ഉത്തരവ്

## ഉത്തരവ്

പരാമർശ പ്രകാരം സംസ്ഥാനത്ത് ഫ്ളക്സ് ബോർഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക പ്രശ്നങ്ങൾ മൂലം അത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ പ്രധാനകാരണം ഫ്ളക്സിന് ബദലായി റീസൈക്കിൾ ചെയ്യാവുന്നതും പി വി സി രഹിതവുമായ മറ്റൊരു വസ്തു ഇല്ലാതിരുന്നതിനാലാണ്. എന്നാൽ ചില സ്ഥാപനങ്ങൾ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ ഫ്ളക്സിന് ബദലായി റീസൈക്കിൾ ചെയ്യാവുന്നതും പി വി സി രഹിതവുമായ പോളി എത്തിലിൻ ഉപയോഗിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ വസ്തു റീ സൈക്കിൾ ചെയ്യാവുന്നതും പരിസ്ഥിതിക്ക് ദോഷം ചെയ്യാത്തതുമാണെന്ന് ശുചിത്വ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, ക്ലീൻ കേരള കമ്പനി എന്നിവർ ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചു കഴിഞ്ഞാൽ സ്ഥാപിച്ചവർ എടുത്ത് മാറ്റാതെ അവ അതേപടി ഉപേക്ഷിക്കുന്ന സാഹചര്യത്തിലും ഇവ മണ്ണിൽ അലിഞ്ഞ് ചേരാത്തത് മൂലമുള്ള മലിനീകരണവും കണക്കിലെടുത്ത് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്ത് ഫ്ളക്സ് ബോർഡുകൾക്കും ബാനറുകൾക്കും പകരം റീസൈക്കിൾ ചെയ്യാവുന്നതും പി വി സി രഹിതവുമായ പോളി എത്തിലിൻ നിർമ്മിത വസ്തുക്കളോ അതേ പോലുള്ള മറ്റ് വസ്തുക്കളോ ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സർക്കാർ ചടങ്ങുകൾക്കും പരസ്യങ്ങൾക്കും കഴിവതും പോളി എത്തിലിൻ മെറ്റീരിയലോ അതേ പോലുള്ള വസ്തുക്കളോ ഉപയോഗിക്കുക.

2. പോളി എത്തിലിൻ മെറ്റീരിയലിൽ പ്രിന്റ് ചെയ്യുമ്പോൾ "പി വി സി ഫ്രീ, 100% റീസൈക്ക്ളബിൾ" എന്ന് പ്രിന്റ് ചെയ്യേണ്ടതും പ്രിന്റ് ചെയ്യുന്ന സ്ഥാപനത്തിന്റെ പേര്, പ്രചരണ കാലാവധി എന്നിവയും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

3. രാഷ്ട്രീയ പാർട്ടികളും പൊതുജന സംഘടനകളും ട്രേഡ് യൂണിയനുകളും മറ്റ് സ്ഥാപനങ്ങളും ഫ്ളക്സ് ബോർഡുകൾക്കും/പരസ്യങ്ങൾക്കും പകരം കഴിവതും പോളി എത്തിലിൻ മെറ്റീരിയലോ സമാനമായ മറ്റേതെങ്കിലും വസ്തുക്കളോ ഉപയോഗിക്കുന്നതിനും മലിനീകരണ നിയന്ത്രണത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുന്നതിനും നിർദ്ദേശിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ജെയിംസ് വർഗ്ഗീസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എൽ.ബിഎ&എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പൊതുമരാമത്ത് വകുപ്പ്
പരിസ്ഥിതി വകുപ്പ്
ഊർജ്ജ വകുപ്പ്
ചീഫ് ഇഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ